(സി) ഇതുസംബന്ധിച്ച വകുപ്പുതല അന്വേഷണങ്ങൾ ഉദ്യോഗസ്ഥ ഭ്രമാഫിയ കൂട്ടുകെട്ട് കാരണം അട്ടിമറിക്കപ്പെടുന്നത് തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ ;

(ഡി) കയ്യേറ്റം സംബന്ധിച്ച വിജിലൻസ് കേസുകളിൽ ഇതുവരെ റവന്യൂ വകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മൂന്നാർ പ്രദേശത്തെ ശ്രദ്ധയിൽപ്പെട്ട കയ്യേറ്റങ്ങൾ ദേവികുളം സബ് കളക്ടറുടെയും മൂന്നാർ സ്പെഷ്യൽ ഓഫീസറുടെയും ദേവികുളം തഹസീൽദാരുടെയും നേതൃത്വത്തിലും ഭൂസംരക്ഷണ സേനയുടെയും പോലീസിന്റെയും സഹായത്തോടെയും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുൻസർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച സർക്കാർ ഭൂമിയിൽ "സർക്കാർ വക" എന്ന് ബോർഡുകൾ സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു. മൂന്നാറിലെ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും സജ്ജമാക്കിയിട്ടുണ്ട്.

(സി) വകുപ്പുതല അന്വേഷണ റിപ്പോർട്ടുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കയ്യേറ്റം സംബന്ധിച്ച വിജിലൻസ് കേസ്സുകളിൽ ലഭ്യമായ റിക്കാർഡുകൾ വിജിലൻസ് അധികാരികൾ ആവശ്യപ്പെടുന്നമുറയ്ക്ക് ഹാജരാക്കുന്നുണ്ട്. കൂടാതെ റവന്യൂ സംബന്ധമായ കേസ്സുകളിൽ വിജിലൻസ് അധികാരികൾ ആവശ്യപ്പെടുന്നമുറയ്ക്ക് പരിചയസമ്പന്നരായ റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ റവന്യൂ അദാലത്തിലെ പരാതികൾ

147 (1180) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചത് ; ഇതിൽ തൽസമയം പരിഹാരം ഉണ്ടാക്കിയ പരാതികൾ എത്രയാണ് ;

(ബി) അദാലത്തിൽ ലഭിച്ച പരാതികളിൽ ഇനിയും തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ളതിന്റെ എണ്ണം എത്രയാണ് ; ഈ പരാതികളിൽ തീർപ്പുണ്ടാക്കാൻ വൈകുന്നതിന്റെ കാരണം എന്താണ് ; അന്തിമ തീരുമാനം എപ്പോൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ 2766 പരാതികളാണ് ലഭിച്ചത്. ഇതിൽ 483 അപേക്ഷകളിന്മേൽ തൽസമയം പരിഹാരമുണ്ടായിട്ടുണ്ട്.

(ബി) റവന്യൂ അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ 1490 എണ്ണം ഇനിയും തീർപ്പുകല്പിക്കാൻ ബാക്കിയുണ്ട്. ഇവയിൽ 1200-ൽ അധികം അപേക്ഷകൾ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഈ അപേക്ഷകളിൽ വിശദമായ അന്വേഷണം ആവശ്യമായതിനാലാണ് തീർപ്പുണ്ടാക്കാൻ വൈകുന്നത്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റീ-സർവ്വേ അദാലത്തുകൾ

148 (1181) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-സർവ്വേ അദാലത്തുകൾ വില്ലേജ്തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) റീ-സർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ പ്രസ്തുത അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുള്ളതും 1-11-2014 മുതൽ 20-12-2014 വരെയും ലഭിച്ചതായ ഫയലുകളും സമയബന്ധിതമായി തീർപ്പാക്കിയും റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ അദാലത്ത്

LIBRARY ARCHIVES Kerala Legislative Assembly